**ഭരണഭാഷ – മാതൃഭാഷ**

നമ്പർ. HECE/99/2020-A5

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
കമലേശ്വരം,മണക്കാട്.പി.ഒ.
തിരുവനന്തപുരം-695009
Website: www.hed.kerala.gpv.in
e-mail: ce.hed@kerala.gov.in
Telephone/FAX: 0471-2459365/2459159

തീയതി: 25/03/2020

## സർക്കുലർ

വിഷയം - ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - കൊറോണ നിയന്ത്രണം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിനായി ഓഫീസ് പ്രവൃത്തികളിലെ നിയന്ത്രണം - സം.

സൂചന – 1) 2020 മാർച്ച് 24 ന കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച സമ്പൂർണ്ണ ലോക്ഡൗൺ.

2) 23.03.2020 ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം.49/2020/പൊ.ഭ.വ.

3) ഈ കാര്യലയത്തിൽ നിന്നും ഇതേ നമ്പരായി 24/03/2020 ൽ പുറപ്പെടുവിച്ച സർക്കുലർ.

........................

കൊവിഡ്-19 പ്രതിരോധത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ലോക്ഡൗൺ പ്രഖ്യാപിച്ചതിന്റെ പശ്ചാത്തലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കാര്യാലയങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് മേൽ സൂചന (2) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. തുടർന്ന് മാർച്ച് 24 ന ബഹു. പ്രധാനമന്ത്രി രാഷ്ട്രത്തെ അഭിസംബോധന ചെയ്തുകൊണ്ട് അടുത്ത 21 ദിവസത്തേക്ക് സമ്പൂർണ്ണ ലോക്ഡൗൺ പ്രഖ്യാപിക്കുകയും ചെയ്തു. അവശ്യവസ്തുക്കളെയും സേവനങ്ങളെയും ലോക്ഡൗണിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മത്സ്യം അവശ്യ വസ്തുവിൽ ഉൾപ്പെട്ടിട്ടുള്ളതും, സംസ്ഥാന സർക്കാരിന്റെ മേൽ സൂചന (2) ഉത്തരവിലെ 8.f. നിർദ്ദേശപ്രകാരം മത്സ്യ വിപണനത്തെ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതുമാണ്. ആയതിനാൽ ഹാർബറുമായി ബന്ധപ്പെടുന്ന ഓഫീസുകളുടെ പ്രവർത്തനം പൂർണ്ണമായും നിർത്തിവയ്ക്കാൻ സാധിക്കാത്തതാണ്. മാത്രമല്ല, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി ഹാർബറുകളിൽ ആളുകൾ കൂട്ടംകൂടുന്ന സാഹചര്യമുണ്ടായാൽ, ആയത് ബനധപ്പെട്ട പ്രാദേശിക/ജില്ലാ ഭരണകൂടങ്ങളെ ധരിപ്പിക്കുകയും ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ പരിമിതമായ നിലയിൽ മാത്രം ജീവനക്കാരെ പങ്കെടുപ്പിച്ച് ഓഫീസുകൾ പ്രവർത്തിക്കേണ്ടതാണെന്ന സൂചന (3)

സർക്കുലറിലെ നിർദ്ദേശം നിലനിൽക്കുന്നു. കൂടാതെ താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി നൽകുന്നു.

1. ഓരോ ഓഫീസിലും ഓരോ തീയതിയിലും ഹാജരാകേണ്ട മിനിമം ജീവനക്കാരുടെ പട്ടിക ഓഫീസ് മേധാവി തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്.

2. ഓരോ കാര്യാലയത്തിലും ഉണ്ടായിരിക്കേണ്ട പരമാവധി ജീവനക്കാരുടെ എണ്ണം താഴെ പറയും പ്രകാരം നിജപ്പെടുത്തേണ്ടതാണ്.

   ചീഫ് എഞ്ചിനീയറുടെ കാര്യാലയം - 5

   മേഖല/ഡിവിഷൻ കാര്യാലയങ്ങൾ - 3

   സബ്-ഡിവിഷൻ കാര്യാലയങ്ങൾ - 2

3. സെക്ഷൻ കാര്യാലയങ്ങൾ സബ്-ഡിവിഷനുമായി ചേർന്ന് പ്രവർത്തിച്ചാൽ മതിയാകും.

4. വീട്ടിൽ നിന്നും ചെയ്യാൻ കഴിയുന്ന പരമാവധി ജോലികൾ സംബന്ധിച്ച് ഓഫീസ് മേധാവികൾ ഫോൺ/ഇ-മെയിൽ വഴി നിർദ്ദേശം നൽകാവുന്നതാണ്.

5. ഓഫീസ് മേധാവികൾ ഹാജരാകാത്ത ദിവസങ്ങളിൽ ഓഫീസ് ചുമതലയുള്ള ഉദ്യോഗസ്ഥരുമായി ഫോൺ വഴിയും മറ്റ് ഇലക്ട്രോണിക് മാധ്യമങ്ങൾ വഴിയും ബന്ധപ്പെട്ട് മതിയായ നിർദ്ദേശങ്ങളും ക്രമീകരണങ്ങളും നൽകേണ്ടതാണ്.

6. ഇക്കാലയളവിൽ സർക്കാർ ഉദ്യോഗസ്ഥർ കൃത്യമായ പെരുമാറ്റച്ചട്ടങ്ങൾ പാലിക്കേണ്ടതും, സമൂഹമാധ്യമങ്ങൾ വഴി, സർക്കാർ തീരുമാനങ്ങളെയോ നിർദ്ദേശങ്ങളെയോ വിമർശിക്കുന്നത് ഒഴിവാക്കേണ്ടതുമാണ്.

സർക്കാരിൽ നിന്നോ വകുപ്പ് മേധാവിയിൽ നിന്നോ മറ്റുരീതിയിലുള്ള നിർദ്ദേശം ലഭിക്കുന്നതുവരെ മേൽ നിർദ്ദേശങ്ങൾക്കനുസൃതമായി ഓഫീസ് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിന് നിർദ്ദേശിക്കുന്നു.

ചീഫ് എഞ്ചിനീയർ

എല്ലാ ഓഫീസ് മേധാവികൾക്കും.
വെബ്സൈറ്റിലേക്ക്.